2. കല്ലുംമൂട്ടിൽക്കടവ് പാലത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

3. വെള്ളാനതുരുത്ത് പണിക്കർക്കടവ് അഴീക്കൽ തീരദേശ റോഡിനുവേണ്ടി 4.42 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികളും സ്വീകരിച്ചുവരുന്നു.

4. കൊല്ലം മുതൽ കാപ്പിൽ വരെയുള്ള റോഡിനുവേണ്ടി 2.05 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

5. തുറവൂർ പഞ്ചായത്തിൽ വാലയിൽ പൊഴിച്ചാൽ റോഡിന്റെ പുനർ നിർമ്മാണം, തൃക്കുന്നപ്പുഴ വലിയഴീക്കൽ റോഡിന്റെ പുനർ നിർമ്മാണം എന്നിവയ്ക്കുവേണ്ടി 4.20 കോടി രൂപയുടേയും തുമ്പോളി മുതൽ തോപ്പുംപടി വരെയുള്ള തീരദേശറോഡിനു വേണ്ടി 14.70 കോടി രൂപയുടേയും പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്. ഇവ കൂടാതെ അന്ധകാരനഴി മുതൽ മൂർത്തിക്കാവ് വരെയുള്ള റോഡിനും 10.2 മൈൽ എ.എ. റോഡ് മുതൽ അന്ധകാരനഴി വരെയുള്ള റോഡിനും സാങ്കേതികാനുമതി നൽകി ദർഘാസ് ഘട്ടത്തിലാണ്.

(ബി) കൊല്ലം ജില്ലാ കളക്ടറുടെ സുനാമി ദുരിതാശ്വാസ ഫണ്ടിൽ നിന്നും 16.15 ലക്ഷം രൂപ ചെലവഴിച്ച് വെള്ളാനതുരുത്ത് അഴീക്കൽ റോഡിന്റെ അത്യാവശ്യ അറകുറപ്പണികൾ ചെയ്തു തീർത്തിട്ടുണ്ട്.

(സി) പുതിയതായി റോഡുകൾ ഒന്നും സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായി ഏറ്റെടുത്തിട്ടില്ല. എന്നാൽ സുനാമി ബാധിത പ്രദേശത്തെ എതാനും റോഡുകൾ P.W.D. ഏറ്റെടുത്തിട്ടുണ്ട്.

വൈപ്പിൻ-പള്ളിപ്പുറം റോഡിലുള്ള പാലങ്ങൾ

150 [1499] ഡോ. എം. എ. കുട്ടപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ വൈപ്പിൻ—പള്ളിപ്പുറം റോഡിലുള്ള 8 പാലങ്ങൾ വീതികൂട്ടി ബലപ്പെടുത്തുന്ന ജോലികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഏതെല്ലാം നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി ബോർഡ്, ജല അതോറിറ്റി, ബി. എസ്.എൻ.എൽ., റിലയൻസ് എന്നിവയുടെ പോസ്റ്റുകളും, പൈപ്പ്, കേബിൾ മുതലായവയും മാറ്റി സ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് മൊത്തം എന്ത് ചെലവ് വരുമെന്നും ഇതിനാവശ്യമായ തുക പൊതുമരാമത്ത് കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ രണ്ട് പ്രവർത്തികളായിട്ടാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. ഒരു പ്രവർത്തിയിൽ നാല് പാലങ്ങൾ ഉൾക്കൊള്ളുന്ന വാടയിൽതോട്, കരിത്തലതോട്, അയ്യമ്പിള്ളി

LIBRARY ARCHIVES Kerala Legislative Assembly

തോട്, കുഴുപ്പിള്ളിതോട്. ഇതിൽ ആദ്യത്തെ രണ്ട് പാലങ്ങളുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങളും തുടങ്ങി. രണ്ടാമത്തെ പ്രവർത്തിയുടെ വെളിയത്താംപറമ്പ്, പുഞ്ചയിൽതോട്, അണിയിൽതോട് ഇവയുടെ എഗ്രിമെൻറ് വെച്ചു. നിർമ്മാണോദ്ഘാടനം ജൂൺ 10-ന് നടന്നു.

(ബി) വെളിയത്താംപറമ്പ് തോട്, പുഞ്ചയിൽ തോട് (നായരമ്പലം), കുഴുപ്പിള്ളി തോട്, പാലങ്ങൾക്ക് സ്ഥലമെടുപ്പിനുവേണ്ടി അർജൻസി ക്ലോസ് ഓർഡർ പ്രകാരം നടപടിയെടുത്തുവരുന്നു.

(സി) വിവിധ ഡിപ്പാർട്ട്മെൻറുകളുടേയും സ്ഥാപനങ്ങളുടേയും പോസ്റ്റുകളും, പൈപ്പ്, കേബിൾ മുതലായവയും മാറ്റിസ്ഥാപിക്കുന്നതിനുള്ള ഭൂരിഭാഗം എസ്റ്റിമേറ്റ് കിട്ടിക്കഴിഞ്ഞു.

(ഡി) ഇതിനായി 1½ കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഉടുമ്പൻചോല മണ്ഡലത്തിന്റെ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം

151 [1500] ശ്രീ. കെ. കെ. ജയചന്ദ്രൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ഉടുമ്പൻചോല മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളാണ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) ഓരോന്നിനും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് പറയാമോ?

ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ഉടുമ്പൻചോല മണ്ഡലത്തിൽ നബാർഡ് സ്കീമിൽ പാലങ്ങളും റോഡുകളും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

വയനാട് ജില്ലയിൽ കെ.എസ്.ടി.പി.യുടെ ആഭിമുഖ്യത്തിലുള്ള റോഡുപണി

152 [1501] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കെ.എസ്.ടി.പി.യുടെ ആഭിമുഖ്യത്തിൽ ഏതെല്ലാം റോഡുകളുടെ പ്രവർത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ കരാറുകാർ ആരൊക്കെയെന്നും ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly